I. ഇ.ബി. XV1-കേരള നിയമസഭ/I-13

**പതിനാറാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2026 ജൂലൈ 1, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക പ്രതിസന്ധി

മി. സ്പീക്കർ: 2026-2027-ലെ പുതുക്കിയ ബജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചതും സ്പിൽ ഓവർ അനുവദിക്കാത്തതുംമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്തംഭനാവസ്ഥയിലെത്തിയ അടിയന്തര സാഹചര്യവും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവശ്രീ ശ്രീ. ജി. ആർ. അനിൽ, കെ. എൻ. ബാലഗോപാൽ, പി. കെ. പ്രവീൺ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പുതുക്കിയ ബജറ്റ് വിഹിതം 8655.45 കോടി രൂപയാണ്. മുൻ സർക്കാർ അവതരിപ്പിച്ച ബജറ്റിൽ 35000 കോടി രൂപയുടെ പ്ലാൻ ഫണ്ടാണ് വച്ചിരുന്നത്. അതിൽ 5000 കോടി രൂപ കുറവുവരുത്തിയതിനെ തുടർന്ന് എല്ലാ വകുപ്പുകളുടെയും വിഹിതത്തിൽ കുറവുണ്ടാകുകയും അതിന് ആനുപാതികമായി തദ്ദേശ സ്വയംഭരണ വകുപ്പിലും 1533 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. എസ്.സി./എസ്.ടി., ഫിഷറീസ് എന്നീ വകുപ്പുകൾക്ക് പ്ലാൻ ഫണ്ടിൽ അനുവദിച്ച തുകയിൽ കുറവുവരുത്തിയിട്ടില്ല.

ശ്രീ. ജി. ആർ. അനിൽ: കേരള മാതൃക പൂർണ്ണമായും അട്ടിമറിക്കുന്ന സ്ഥിതിയാണ് സംജാതമായിരിക്കുന്നത്. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപറേഷൻ എന്നിവയുടെ അർഹതപ്പെട്ട പ്ലാൻ ഫണ്ട് വൻതോതിൽ വെട്ടിക്കുറച്ചിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾ ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. സ്പിൽ ഓവർ കുടിശ്ശിക തീർക്കാൻ പണമില്ലാത്തതിനാൽ വികസന പദ്ധതികൾ മുടങ്ങിക്കിടക്കുന്നു. ഗ്രാന്റുകൾ പരിമിതപ്പെടുത്തിയശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് സ്വന്തം നിലയിൽ ഫണ്ട് കണ്ടെത്താൻ നിർദ്ദേശിച്ചിരിക്കുന്നത് പ്രതിഷേധാർഹമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ വിഹിതത്തിൽ 1533.55 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. എസ്.സി./എസ്.ടി./പിന്നാക്ക വിഭാഗങ്ങൾക്ക് ജില്ലാ പഞ്ചായത്ത് തലത്തിൽ പ്രത്യേക വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ബജറ്റിൽ പരാമർശിക്കാതിരുന്നത് ഖേദകരമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾപോലും നിലച്ചുപോകുന്ന അവസ്ഥയാണ് സംജാതമായിരിക്കുന്നത്. പല ഗ്രാമപഞ്ചായത്തുകളും ഗ്യാപ് ഫണ്ടുപയോഗിച്ചാണ് ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): കഴിഞ്ഞ ബജറ്റിലെ പാളിച്ചകൊണ്ടാണ് പുതുക്കിയ ബജറ്റിൽ തദ്ദേശ സ്വയംഭരണ വകുപ്പിനുള്ള വിഹിതത്തിൽ 1533 കോടി രൂപ കുറയ്ക്കേണ്ടിവന്നത്. 2026-27-ലെ ബജറ്റ് വിഹിതത്തിൽനിന്നും സ്പിൽ ഓവർ തുക കുറച്ചിരുന്നെങ്കിൽ പ്ലാൻ ഫണ്ട് 8000 കോടി രൂപയാകുമായിരുന്നു. പുതുക്കിയ ബജറ്റിൽ ഇത് 8655 കോടി രൂപയായി വർധിപ്പിച്ച് വകയിരുത്തിയിട്ടുണ്ട്. മുൻ സർക്കാരിന്റെ ബജറ്റ് അതേപടി നടപ്പാക്കിയാൽ ലോക്കൽ ബോഡികളുടെ പ്ലാൻ വിഹിതത്തിൽ 5750 കോടി രൂപയുടെ കുറവ് വരുത്തേണ്ട സാഹചര്യമുണ്ടാകുമായിരുന്നു. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പൊതുസമൂഹത്തോടും നിയമസഭയോടും വിശദീകരിച്ച ശേഷമാണ് തദ്ദേശ സ്വയംഭരണ വകുപ്പിന് 1533 കോടി രൂപ കുറച്ചത്. 16-ാം ധനകാര്യ കമ്മിഷൻ ശിപാർശ പ്രകാരം ഈ വർഷം റൂറൽ ലോക്കൽ ബോഡികൾക്ക് 405 കോടി രൂപയും അർബൻ ലോക്കൽ ബോഡികൾക്ക് 2145 കോടി രൂപയുമാണ് ഗ്രാന്റായി അനുവദിച്ചിരിക്കുന്നത്. പ്രാദേശിക സർക്കാരുകൾക്കുള്ള വിഹിതത്തിൽനിന്നും 300 കോടി രൂപ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് വകയിരുത്തുകയും ശേഷിക്കുന്ന തുക 70:15:15 എന്ന അനുപാതത്തിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ കമ്മിഷൻ നൽകുന്ന തുക ടൈഡ് ഫണ്ടായതിനാൽ നഗരസഭകൾക്കുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ധനകാര്യ കമ്മിഷനുമായി ചർച്ച ചെയ്ത്

പരിഹരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവശ്രീ പിണറായി വിജയൻ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**II ശ്രദ്ധക്ഷണിക്കൽ**

(1) ലോട്ടറി മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. സനീഷ്കുമാർ ജോസഫ്: ലോട്ടറി ടിക്കറ്റ് വില്പനയിൽ ഇടിവ് സംഭവിച്ചതോടെ ലോട്ടറി വില്പനക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുകയാണ്. വൻകിട ലോട്ടറി കച്ചവടക്കാർ റീട്ടെയിൽ ഷോപ്പുകൾവഴി ടിക്കറ്റുകൾ വിറ്റഴിക്കാൻ തുടങ്ങിയതോടെ ചെറുകിട ഏജന്റുമാരും തൊഴിലാളികളും പ്രയാസമനുഭവിക്കുകയാണ്. എഴുത്തുലോട്ടറി, ഓൺലൈൻ ലോട്ടറി, സൈറ്റ് ലോട്ടറി ഉൾപ്പെടെയുള്ള നിയമവിരുദ്ധ കച്ചവടം നിർത്തലാക്കുന്നതിനും സംസ്ഥാന ലോട്ടറിയുടെ സമ്മാനഘടന പരിഷ്കരിക്കുന്നതിനും നടപടിയുണ്ടാകണം. കാരുണ്യ ബെനവലന്റ് ഫണ്ട് ബോർഡ് പുനഃസ്ഥാപിച്ചും തൊഴിലാളികളുടെ ബോണസും ക്ഷേമനിധി ആനുകൂല്യങ്ങളും വർധിപ്പിച്ചും ലോട്ടറി മേഖലയെ സംരക്ഷിക്കണം. ലോട്ടറി ക്ഷേമനിധി ബോർഡിലെയും വകുപ്പിലെയും ക്രമക്കേടിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ടിക്കറ്റ് വില്പന വർധിപ്പിക്കാനും സമ്മാന ഘടനയും കമ്മിഷൻ നിരക്കുകളും പരിഷ്കരിച്ച് ലോട്ടറി മേഖലയെ നവീകരിക്കാനും ക്രമക്കേട് സംബന്ധിച്ച് പരിശോധിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) കള്ള് ചെത്ത് വ്യവസായത്തെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. പ്രഭാകരൻ: പരമ്പരാഗത വ്യവസായമായ കള്ള് ചെത്ത് വ്യവസായം തകർച്ചയുടെ വക്കിലാണ്. അത്യുല്പാദന ശേഷിയുള്ള ഉയരം കുറഞ്ഞ തെങ്ങ്, പന മുതലായവ വച്ചുപിടിപ്പിക്കാനും ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ കള്ള് ചെത്താനും സംവിധാനമൊരുക്കണം. കള്ള് കേടുകൂടാതെ സൂക്ഷിക്കാനായി ഫ്രീസർ സൗകര്യം ഏർപ്പെടുത്താനും ശുദ്ധമായ കള്ള് വിതരണം ചെയ്യാനും കള്ളിന്റെ കയറ്റുമതി സാധ്യതകൾ

കണ്ടെത്താനും ടോഡി പാർലറുകളും കള്ള് ഷാപ്പുകളും സ്ഥാപിക്കാനും നടപടി സ്വീകരിക്കണം. കള്ള് ഷാപ്പുകൾ സ്ഥാപിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന അശാസ്ത്രീയ ദൂരപരിധി ഒഴിവാക്കണം. ചിറ്റൂരിലെ കള്ള് ചെത്ത് തൊഴിലാളികൾക്ക് ജീവിത സുരക്ഷിതത്വം ഉറപ്പാക്കണം.

സഹകരണ-എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ലിജു): കള്ള് ഷാപ്പുകളുടെ ലൈസൻസ് കാലാവധി 2027 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കള്ളിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ ഓപ്പറേഷൻ ശുദ്ധി പദ്ധതിയുടെ ഭാഗമായി ഷാപ്പുകളിൽ പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ശുദ്ധമായ കള്ളിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും പരമ്പരാഗത കള്ള് ചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ മദ്യനയത്തിൽ ഉൾപ്പെടുത്തുന്നതാണ്.

**III സബ്മിഷൻ**

(1) വിഴിഞ്ഞം തുറമുഖത്തിൽ എം.എസ്.സി.-യുടെ നിക്ഷേപം

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് എം.എസ്.സി. ഗ്രൂപ്പും അദാനി ഗ്രൂപ്പും കൂട്ടുടമസ്ഥയിലാകുന്നത് കുത്തക അവകാശം സ്ഥാപിതമാകാൻ ഇടയാക്കും. ഇതിലൂടെ സർക്കാരിന് ലഭിക്കുമായിരുന്ന വരുമാനത്തിൽ ഇടിവ് സംഭവിക്കുമെന്ന ആശങ്കയുണ്ട്. കേരളത്തിന്റെ വാണിജ്യ താല്പര്യങ്ങൾക്കും തുറമുഖത്തിന്റെ ഭാവിവികസനത്തിനും തടസ്സമാകുന്ന ഈ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ചെയ്ഞ്ച് ഓഫ് ഓണർഷിപ്പ് പാടില്ലെന്ന് കരാറിൽ വ്യക്തമാക്കിയിട്ടുണ്ട്. എം.എസ്.സി.-യുടെ ഓഹരി നിക്ഷേപം സംബന്ധിച്ച് ഗവൺമെന്റിന് ഇതുവരെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. ഇത് സർക്കാരിന്റെ പരിഗണനയ്ക്കായി വരുമ്പോൾ കരാറിലെ വ്യവസ്ഥകളും സംസ്ഥാന താൽപര്യവും സംരക്ഷിച്ച് മാത്രമേ അംഗീകാരം നൽകുകയുള്ളൂ.

(2) തോട്ടപ്പള്ളി കരിമണൽ ഖനനം

ശ്രീ. ജി. സുധാകരൻ: ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി കരിമണൽ ഖനനവുമായി ബന്ധപ്പെട്ട ക്രമക്കേട് അന്വേഷിക്കാനും കരിമണലിൽനിന്നും മൂല്യാധിഷ്ഠിത ഉൽപന്നങ്ങളുണ്ടാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): തോട്ടപ്പള്ളി സ്പിൽവേ പൊഴിമുഖത്തുനിന്നും നീക്കംചെയ്യുന്ന മണലിൽനിന്നും ധാതുമണൽ വേർതിരിച്ച് വില്പന നടത്താനും ബാക്കിയുള്ള മണൽ ജിയോട്യൂബിൽ നിറച്ച് ചെല്ലാനം കടൽ തീരത്ത് കടൽഭിത്തി നിർമ്മിക്കാനും തീരുമാനിച്ചിട്ടുണ്ട്. കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(3) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

ശ്രീ. സജി ചെറിയാൻ: മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലൂടെ ഗ്രാമീണ റോഡുകൾ നവീകരിച്ച് സഞ്ചാരയോഗ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ഗ്രാമീണ റോഡുകൾ നവീകരിക്കാൻ അനുവദിക്കുന്ന തുക കാര്യക്ഷമമായി ഉപയോഗപ്പെടുത്താത്തതും കോൺട്രാക്ടർമാർ പ്രവൃത്തി ഏറ്റെടുക്കാത്തതും സംബന്ധിച്ച് പരിശോധിക്കുന്നതും ഗ്രാമീണറോഡുകളുടെ പുനരുദ്ധാരണ പദ്ധതി ആവിഷ്കരിക്കുന്നതുമാണ്.

(4) കൊട്ടാരക്കര ബൈപ്പാസ് നിർമ്മാണം

ശ്രീ. കെ. എൻ. ബാലഗോപാൽ: കൊട്ടാരക്കര ബൈപ്പാസ് നിർമ്മാണം എത്രയുംവേഗം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): കൊട്ടാരക്കര ബൈപ്പാസ് നിർമ്മാണത്തിനുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. പദ്ധതിയുടെ രണ്ടാംഘട്ടമായി സിവിൽ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൂടി ഉൾപ്പെടുത്തി ധനാനുമതി 254.81 കോടി രൂപയായി പരിഷ്കരിച്ച് നൽകിയിട്ടുണ്ട്. ബൈപ്പാസ് നിർമ്മാണത്തിന്റെ തുടർനടപടിക്രമങ്ങൾ പൂർത്തീകരിക്കാനാവശ്യമായ കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

(5) റവന്യൂ നഷ്ടം ഒഴിവാക്കൽ

ശ്രീ. പി. എം. എ. സമീർ: നിക്ഷേപ സമാഹരണത്തിനായി അമാൽഗമേറ്റ് ചെയ്യുന്ന കമ്പനികൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ ഇനങ്ങളിൽ ഉയർന്ന പരിധി നിശ്ചയിച്ച് സംസ്ഥാനത്തിനുണ്ടാകുന്ന റവന്യൂ നഷ്ടം ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): കമ്പനികളുടെ അമാൽഗമേഷനുമായി ബന്ധപ്പെട്ട് ആധാരങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന സ്റ്റാമ്പ് ഡ്യൂട്ടിക്ക് ഉയർന്ന പരിധി നിശ്ചയിക്കാത്തത് സർക്കാരിന് നഷ്ടമുണ്ടാക്കുന്നുണ്ട്. ഇക്കാര്യം വിശദമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. വ്യവസായ സൗഹൃദാന്തരീക്ഷം

സൃഷ്ടിക്കേണ്ടതിന്റെയും ഈ സ്ഥാപനങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുന്നത് തടയേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(6) തങ്കളം-കാക്കനാട് റോഡ് നിർമ്മാണം

ശ്രീ. ഷിബു തെക്കുംപുറം: കോതമംഗലം നിയോജകമണ്ഡലത്തിലെ തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്താനും പഴയ അലൈൻമെന്റ് പ്രകാരം പാത നിർമ്മാണം പൂർത്തിയാക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2016-ൽ 30 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ അലൈൻമെന്റിലും ഡിസൈനിലും മാറ്റം വരുത്തിയതിനെത്തുടർന്ന് പ്രവൃത്തിക്ക് കാലതാമസവും സാമ്പത്തിക നഷ്ടവും ഉണ്ടാകുകയാണ്. അക്കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(7) ബീച്ച് ഡെസ്റ്റിനേഷനായി വികസിപ്പിക്കൽ

ശ്രീ. കെ. പ്രവീൺ കുമാർ: കോഴിക്കോട് സൗത്ത് ബീച്ചിലെ കേരള മാരിടൈം ബോർഡിന്റെ നിയന്ത്രണത്തിലുള്ള പോർട്ട് ബംഗ്ലാവിനെ അന്താരാഷ്ട്ര നിലവാരമുള്ള ബീച്ച് ഡെസ്റ്റിനേഷനായി വികസിപ്പിക്കാൻ സ്വകാര്യ കമ്പനിയെ ഏൽപ്പിച്ച നടപടി പുനഃപരിശോധിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): കേരള മാരിടൈം ബോർഡിന്റെ നിയന്ത്രണത്തിലുള്ള കോഴിക്കോട് പോർട്ടിലെ ബീച്ച് മേഖലയിലുള്ള 2.5 ഏക്കർ ഭൂമിയിൽ നടപ്പാക്കാൻ സാധിക്കുന്ന വികസന പദ്ധതികളെക്കുറിച്ച് അഭിപ്രായം ആരായുന്നതിനായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കുകയും കേരള മാരിടൈം ബോർഡും M/s Talenmark Developers-ഉം ആയി Limited Liability Partnership Agreement ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുന്നതാണ്.

(8) രാസലഹരിക്ക് അടിമപ്പെട്ടവരെ മോചിപ്പിക്കൽ

ചീഫ് വിപ്പ് (ശ്രീ. അപു ജോൺ ജോസഫ്): രാസലഹരിക്ക് അടിമപ്പെട്ടവരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാനും എല്ലാ ജില്ലകളിലും നാർക്കോട്ടിക്സ് അനോണിമസ് സെല്ലുകൾ രൂപീകരിക്കാനുമുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): രാസലഹരിക്കെതിരെ ഓപ്പറേഷൻ ന്തുഫാൻ, ഓപ്പറേഷൻ തണ്ടർ എന്നീ പദ്ധതികൾ

നടപ്പാക്കുകയും വിമുക്തി പോലുള്ള ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. മുപ്പത്തിയഞ്ചോളം ആശുപത്രികളിൽ ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുകയും ലഹരിമുക്തരായവരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരികയുമാണ്.

(9) റിമാൻഡ് തടവുകാരന് മാനുഷിക പരിഗണന നൽകൽ

ശ്രീ. ടി. ഒ. മോഹനൻ: കണ്ണൂർ സെൻട്രൽ ജയിലിൽ 39 വർഷമായി റിമാൻഡ് തടവുകാരനായി കഴിയുന്ന ആറളം വിയറ്റ്നാം കോളനിയിലെ കുങ്കൻ (കൃഷ്ണൻ)-നെ മാനുഷിക പരിഗണന നൽകി പുറത്തുകൊണ്ടുവരാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): റിമാൻഡ് തടവുകാരനായ കുങ്കനെ ഏറ്റെടുക്കാൻ ബന്ധുക്കളില്ലാത്തതിനാൽ സന്നദ്ധ സംഘടനകളുമായി ആലോചിച്ച് റീഹാബിലിറ്റേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(10) പോലീസ് എയ്ഡ് പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്തൽ

ശ്രീ. സി. കെ. കാസിം: തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പുതുപ്പാടിയിൽ പ്രവർത്തിച്ചുവരുന്ന പോലീസ് എയ്ഡ് പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ക്രൈം കേസുകളുടെ എണ്ണം, സ്റ്റേഷൻ പരിധിയുടെ വിസ്തീർണ്ണം, ജനസാന്ദ്രത എന്നിവ കണക്കിലെടുത്ത് മുൻഗണനാക്രമത്തിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുമ്പോൾ പുതുപ്പാടിയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(11) ലോകകപ്പ് ഫുട്ബോൾ മത്സരങ്ങൾ കാണുന്നതിന് വൈദ്യുതി വിതരണം ഉറപ്പാക്കൽ

ശ്രീ. ടോണി ചമ്മണി: കായിക പ്രേമികൾക്ക് ലോകകപ്പ് ഫുട്ബോൾ മത്സരങ്ങൾ തടസ്സമില്ലാതെ ടെലിവിഷനിലൂടെ കാണുന്നതിന് വൈദ്യുതി വിതരണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): ലോകകപ്പ് ഫുട്ബോൾ മത്സരങ്ങൾ നടക്കുന്ന സമയങ്ങളിൽ പരമാവധി വൈദ്യുതി നിയന്ത്രണം ഒഴിവാക്കാനുള്ള ശ്രമം നടന്നുവരുന്നുണ്ട്. വലിയ വില കൊടുത്ത് കൂടുതൽ വൈദ്യുതി വാങ്ങുന്നതിന് റഗുലേറ്ററി കമ്മീഷന്റെ അനുവാദം ലഭിച്ചിട്ടുണ്ട്. സോളാർ

വൈദ്യുതി സ്റ്റോർ ചെയ്ത് രാത്രി സമയത്ത് ലഭ്യമാക്കാനുള്ള ബാറ്ററി സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(12) വേമ്പനാട് കായലിലെ അശാസ്ത്രീയമായ മണലെടുപ്പ്

ശ്രീ. പി. പ്രസാദ്: വേമ്പനാട് കായലിലെ അശാസ്ത്രീയ മണൽ വാരൽമൂലം തീരദേശ ജനതയും മത്സ്യത്തൊഴിലാളികളും കക്ക വാരൽ തൊഴിലാളികളും നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ ഉന്നതതല യോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): വേമ്പനാട് കായലിൽനിന്ന് അശാസ്ത്രീയമായി മണലെടുക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതും ബന്ധപ്പെട്ട ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ ഉന്നതതല യോഗം വിളിച്ച് ആവശ്യമായ ഇടപെടൽ നടത്തുന്നതുമാണ്.

(13) കഴക്കൂട്ടത്ത് ജല ലഭ്യത ഉറപ്പുവരുത്തൽ

ശ്രീ. വി. മുരളീധരൻ: അരുവിക്കരയിൽ പുതിയ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ചോ പേപ്പാറ ഡാമിന്റെ സംഭരണശേഷി വർധിപ്പിച്ചോ കഴക്കൂട്ടത്തെ ജല ലഭ്യത ഉറപ്പുവരുത്താനും കാലപ്പഴക്കംചെന്ന പൈപ്പ്ലൈനുകൾ മാറ്റിസ്ഥാപിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): കഴക്കൂട്ടം മേഖലയിൽ ജലവിതരണം ത്വരിതപ്പെടുത്താനുള്ള ഇടപെടൽ നടത്തുന്നതും കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിലെ കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

(14) കൊച്ചി നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

ശ്രീ. മുഹമ്മദ് ഷിയാസ്: കൊച്ചി നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): കൊച്ചിയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എ.ഡി.ബി. സഹായത്തോടെ 190 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാല നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത വിഷയത്തിൽ ബന്ധപ്പെട്ട എല്ലാ എം.എൽ.എ.-മാരുടെയും സാന്നിധ്യത്തിൽ യോഗം വിളിച്ച് നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(15) മാവേലിക്കരയിലെ കുടിവെള്ള ക്ഷാമം

ശ്രീ. എം. എസ്. അരുൺ കുമാർ: മാവേലിക്കര നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിനും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): മാവേലിക്കര നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ടതും സാങ്കേതിക കാരണങ്ങളാൽ മുടങ്ങിക്കിടക്കുന്നതുമായ കുടിവെള്ള പദ്ധതികൾ തുടർന്ന് നടപ്പാക്കാനാവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

(16) ഗുരുവായൂർ ക്ഷേത്രത്തിനായി ഭൂമി ഏറ്റെടുക്കൽ

ശ്രീ. എൻ. കെ. അക്ബർ: ഗുരുവായൂർ ക്ഷേത്ര വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനും സാങ്കേതിക വിദഗ്ധരുടെ നേതൃത്വത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഗുരുവായൂർ ക്ഷേത്രത്തിന്റെ വികസനത്തിനായി 16.5 ഏക്കർ സ്ഥലം ഉൾപ്പെടുത്തി പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും 9 മാസംകൊണ്ട് ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കണമെന്ന് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് പാഞ്ചജന്യം ഗസ്റ്റ് ഹൗസിന്റെ അനക്സിൽ ലാൻഡ് അക്വിസിഷൻ ഓഫീസ് ആരംഭിച്ചിട്ടുണ്ട്. ക്ഷേത്രത്തിൽ വെർച്വൽ ക്യൂ ഏർപ്പെടുത്താനും സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് ഗോശാല നവീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(17) ഇടുക്കി മെഡിക്കൽ കോളേജിലെ അപര്യാപ്തതകൾ

ശ്രീ. റോയ് കെ. പൗലോസ്: ഇടുക്കി മെഡിക്കൽ കോളേജിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഇടുക്കി മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ ഐ.സി.യു. ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സജ്ജമാകുന്നതാണ്. എച്ച്.ഒ.ഡി. ഉൾപ്പെടെ അടിയന്തരമായി ആവശ്യമുള്ള തസ്തികകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(18) ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തിക സൃഷ്ടിക്കൽ

ശ്രീ. നീലകണ്ഠൻ: കാസർഗോഡ് ജില്ലയിലെ ആശുപത്രികളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സ്ഥിരം തസ്തിക നിലവിലുണ്ട്. നീലേശ്വരം താലൂക്ക് ആശുപത്രിയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നിവരുടെ സേവനങ്ങൾ ലഭ്യമാണ്. കാസർഗോഡ് മെഡിക്കൽ കോളേജ്, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(19) മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കൽ

ശ്രീ. ഫൈസൽ ബാബു: മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കുന്നതിനും അതിനാവശ്യമായ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർക്കാർ മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരികയാണ്. ജീവനക്കാരുടെ എണ്ണം വർധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും സാമ്പത്തിക ബാധ്യത വരുമെന്നതിനാൽ ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

(20) നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. സേനാപതി വേണു: ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ നെടുങ്കണ്ടം താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): നെടുങ്കണ്ടം താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന്റെ ഭാഗമായി ആരംഭിച്ച കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാനും ആവശ്യമായ സജ്ജീകരണങ്ങളൊരുക്കാനും തീരുമാനിച്ചിട്ടുണ്ട്.

(21) കെ.എസ്.ആർ.ടി.സി. സർവീസുകൾ പുനരാരംഭിക്കൽ

ശ്രീ. കുറുക്കോളി മൊയ്തീൻ: തിരൂർ നിയോജകമണ്ഡലത്തിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): തിരൂർ നിയോജകമണ്ഡലത്തിൽ ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിനും നിർത്തിവച്ച സർവീസുകൾ പുനരാരംഭിക്കുന്നതിനും കെ.എസ്.ആർ.ടി.സി.-യുടെ വിവിധ യൂണിറ്റുകളുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(22) തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ ശോചനീയാവസ്ഥ

ശ്രീ. രാജൻ ജെ. പല്ലൻ: തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതും എം.എൽ.എ.-മാരെ ഉൾപ്പെടുത്തി ട്രാൻസ്പോർട്ട് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതുമാണ്.

(23) പെരുവണ്ണാമൂഴി ടൂറിസ്റ്റ് കേന്ദ്രത്തിലേക്കുള്ള കെ.എസ്.ആർ.ടി.സി. സർവീസ്

ശ്രീമതി ഫാത്തിമ തഹിലിയ: പെരുവണ്ണാമൂഴി ടൂറിസ്റ്റ് കേന്ദ്രത്തിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. സർവീസ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): പെരുവണ്ണാമൂഴി ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് തൊട്ടിൽപ്പാലം, മാനന്തവാടി, കോഴിക്കോട് യൂണിറ്റുകളിൽനിന്നും കെ.എസ്.ആർ.ടി.സി. സർവീസുകൾ ആരംഭിക്കാനുള്ള സാധ്യത പരിശോധിക്കാനും പ്രസ്തുത കേന്ദ്രത്തെ ബജറ്റ് ടൂറിസം പാക്കേജിലുൾപ്പെടുത്താനും നടപടി സ്വീകരിക്കുന്നതാണ്.

(24) ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ നിർമ്മാണം

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ: ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): ചങ്ങനാശ്ശേരി ബസ് ടെർമിനൽ-കം-ഷോപ്പിങ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(25) പുതിയങ്ങാടി-ഉള്ളിയേരി-കുറ്റിയാടി-ചൊവ്വ റോഡിന് സ്ഥലമേറ്റെടുപ്പ്

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ: പുതിയങ്ങാടി-ഉള്ളിയേരി-കുറ്റിയാടി-ചൊവ്വ റോഡിനാവശ്യമായ സ്ഥലമേറ്റെടുത്ത് പ്രവൃത്തി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): പുതിയങ്ങാടി-ഉള്ളിയേരി-കുറ്റിയാടി-ചൊവ്വ റോഡിനാവശ്യമായ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ഭൂവുടമകളുടെ വിവരശേഖരണം എത്രയുംവേഗം പൂർത്തീകരിച്ച് പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(26) പട്ടാമ്പി നിയോജകമണ്ഡലത്തിൽ പ്ലസ് വൺ സീറ്റ് വർധിപ്പിക്കൽ

ശ്രീ. മുഹമ്മദ് മുഹസിൻ: പട്ടാമ്പി നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ പ്ലസ് വൺ സീറ്റ് വർധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): പാലക്കാട് ജില്ലയിൽ പ്ലസ് വൺ പ്രവേശനത്തിനായി 30 ബാച്ചുകൾ ഉൾപ്പെടെ 120 താൽക്കാലിക അധിക ബാച്ചുകൾ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്. ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമായ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകൾക്ക് പ്രഥമ പരിഗണന നൽകുന്നതും സർക്കാർ സ്കൂളുകളുടെ അഭാവത്തിൽ എയ്ഡഡ് സ്കൂളുകളെ പരിഗണിക്കുന്നതുമാണ്.

(27) തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പിള്ളി റോഡ് നിർമ്മാണം

പ്രൊഫ. സി. രവീന്ദ്രനാഥ്: മണലൂർ നിയോജകമണ്ഡലത്തിലെ കാഞ്ഞാണി-എറവ്-വാടാനപ്പിള്ളി റോഡിന്റെ എറവ് മുതൽ വാടാനപ്പിള്ളിവരെയുള്ള ഭാഗം ബി.എം.&ബി.സി. നിലവാരത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): തൃശ്ശൂർ-കാഞ്ഞാടി-വാടാനപ്പിള്ളി റോഡിന്റെ തൃശ്ശൂർ മുതൽ എറവ് വരെയുള്ള 9 കി.മീ. ദൂരം ബി.എം.&ബി.സി. നിലവാരത്തിൽ നിർമ്മിക്കുന്നതിന് 22 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. എറവ് മുതൽ വാടാനപ്പിള്ളി വരെയുള്ള സ്ഥലമേറ്റെടുപ്പിന് പൊതുമരാമത്ത് വകുപ്പ് 182.5 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും സ്പെഷ്യൽ തഹസീദാർ എൽ.എ. (ജനറൽ) തൃശ്ശൂർ-നെ ലാൻഡ് അക്വിസിഷൻ ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

(28) തൃക്കരിപ്പൂരിൽ അന്താരാഷ്ട്ര ഫുട്ബോൾ സ്റ്റേഡിയം

ശ്രീ. സന്ദീപ് വാര്യർ: തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ ലീഡർ കെ. കരുണാകരന്റെ നാമധേയത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബോൾ സ്റ്റേഡിയം നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. ഒ. ജെ. ജനീഷ്): ഫിഫ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഭൂമിയും മറ്റ് സൗകര്യങ്ങളും ലഭ്യമാകുന്നമുറയ്ക്ക് സ്റ്റേഡയം നിർമ്മാണവുമായി ബന്ധപ്പെട്ട തീരുമാനം കൈക്കൊള്ളുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

സംസ്ഥാനത്ത് സർഫാസി ആക്റ്റ് പ്രകാരമുള്ള നടപടികൾമൂലമുളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച പതിനാലാം കേരള നിയമസഭയിലെ അഡ്ഹോക് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ചു.

## VI രാഷ്ട്രപതിയുടെ റഫറൻസ്

The Kerala (Alteration of Name) Bill, 2026-ന്റെ പരിഗണന

കേരള നിയമസഭയുടെ അഭിപ്രായം ആരായുന്നതിനായി ആദരണീയയായ ഇന്ത്യൻ രാഷ്ട്രപതി ഭരണഘടനയുടെ അനുച്ഛേദം 3-ന്റെ ക്ലിപ്ത നിബന്ധന പ്രകാരം റഫർ ചെയ്തിട്ടുള്ള The Kerala (Alteration of Name) Bill, 2026 സഭ പരിഗണിക്കുകയും ബില്ലിനോട് ഐകകണ്ഠ്യേന യോജിക്കുകയും ചെയ്തു.

## VII ഗവൺമെന്റ് പ്രമേയം (ചട്ടം 118)

വിദേശ സംഭാവന (നിയന്ത്രണ) നിയമ ഭേദഗതി നിർദേശവും
ചട്ട ഭേദഗതിയും പിൻവലിക്കൽ

വിദേശ സംഭാവന (നിയന്ത്രണ) നിയമ ഭേദഗതി നിർദേശവും ചട്ട ഭേദഗതിയും അടിയന്തരമായി പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ അവതരിപ്പിക്കുകയും പിന്താങ്ങപ്പെടുകയും ചെയ്തു.

സർവശ്രീ വി. മുരളീധരൻ, പി. പ്രസാദ് എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

## VIII അറിയിപ്പ്

സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കുന്നതിനുള്ള സമയം സഭയുടെ അനുമതിയോടെ വേവ് ചെയ്തിരിക്കുന്നു.

**ഗവൺമെന്റ് പ്രമേയം (ചട്ടം 118) (തുടർച്ച)**

ശ്രീ. പി. പ്രസാദ് അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതി മുഖ്യമന്ത്രി സ്വീകരിച്ചു.

(1) പ്രമേയത്തിലെ ഏഴാമത്തെ ഖണ്ഡികയിലെ "ട്രസ്റ്റിമാർ, പാർട്ണർമാർ" എന്നീ വാക്കുകൾക്ക് ശേഷം ഇനിപ്പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക.

"ഹിന്ദു അവിഭക്ത കുടുംബ കാരണവർ, ഭരണ സമിതി അംഗങ്ങൾ, സംഘടനയെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നവർ"

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം 2-നെതിരെ 112 വോട്ടുകളോടെ സഭ പാസ്സാക്കി.

## IX ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

വൈദ്യുതി വിതരണം

സംസ്ഥാനത്തെ വൈദ്യുതി വിതരണം സംബന്ധിച്ച് വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്) ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## X നിയമനിർമ്മാണകാര്യം

(1) 2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാത്തത് സംബന്ധിച്ച്

ശ്രീ. കെ. എൻ. ബാലഗോപാൽ: ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാത്തത് സഭയുടെ അവകാശങ്ങളെ ലംഘിക്കുന്നതാണ്. ധനകാര്യ ബില്ലിൽ വീര്യം കുറഞ്ഞ മദ്യത്തിന് നികുതിയിളവ് വരുത്തിയിരിക്കുകയാണ്. മുൻ സർക്കാരിന് ഹോർട്ടി വൈൻ എന്ന കൺസെപ്റ്റ് മാത്രമാണുണ്ടായിരുന്നത്. ധനകാര്യ ബില്ലിലെ നികുതി ശിപാർശകൾ ഉടൻതന്നെ പ്രാബല്യത്തിൽ വരേണ്ടതാണ്. സബ്ജക്ട് കമ്മിറ്റി മുമ്പാകെ ബിൽ സമർപ്പിക്കാതെ സഭയിൽ പാസ്സാക്കി നിയമം പ്രാബല്യത്തിൽകൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത്. ഡെലിഗേഷൻ ഓഫ് പവേഴ്സ് എക്സസായി എക്സിക്യൂട്ടീവിന് നൽകുന്നത് ശരിയല്ല.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026 ജൂൺ 24-ന് സഭ അംഗീകരിച്ച കാര്യോപദേശക സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ധനകാര്യ ബിൽ സഭയിൽ അവതരിപ്പിക്കുകയും പരിഗണനയ്ക്കെടുക്കുകയും ചെയ്തത്. കാര്യോപദേശക സമിതി റിപ്പോർട്ട് സഭ അംഗീകരിക്കുന്ന അവസരത്തിൽ ഭേദഗതി നിർദേശങ്ങളൊന്നും പ്രതിപക്ഷാംഗങ്ങൾ ഉന്നയിച്ചിട്ടില്ല. ഭരണഘടനാപരവും നിയമസഭാ നടപടി ചട്ടങ്ങൾ അനുസരിച്ചുമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചാണ് ധനകാര്യ ബിൽ അവതരിപ്പിച്ചത്. ബില്ലിലെ 3, 5 വകുപ്പുകൾ സർക്കാർ ഔദ്യോഗിക ഗസറ്റ് വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ക്രമപ്രശ്നത്തിന് പ്രസക്തിയില്ല.

**റൂളിങ്**

മി. സ്പീക്കർ: 2026 ജൂൺ 23-ന് ചേർന്ന കാര്യോപദേശക സമിതി യോഗം 2026 ജൂലൈ 1-ന് കേരള ധനകാര്യ (3-ാം നമ്പർ) ബില്ലിന്റെ അവതരണത്തിനും അനന്തരഘട്ടങ്ങൾക്കുമായി നിയമസഭാ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1) താൽക്കാലികമായി സസ്പെൻഡ് ചെയ്യണമെന്ന് ശിപാർശ ചെയ്തിരുന്നു. ഈ ശിപാർശ ഉൾക്കൊള്ളുന്ന സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ജൂൺ 24-ാം തീയതി സഭയിൽ സമർപ്പിക്കുകയും സഭ പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കാര്യോപദേശക സമിതി അംഗീകരിച്ച സമയക്രമത്തിൽ ഈ ബിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്ന ക്രമപ്രശ്നം വസ്തുതാപരമല്ല. അതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും എൽ.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ പാസ്സാക്കിയിട്ടില്ലെന്നത് തെറ്റായ പരാമർശമാണ്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെയാണ് 2026 ഫെബ്രുവരി 24-ാം തീയതി ധനകാര്യ ബിൽ പാസാക്കിയത്.

ഡോ. മാത്യു കുഴൽനാടൻ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് സ്വകാര്യ പങ്കാളിത്തവും നിക്ഷേപവും പ്രോത്സാഹിപ്പിക്കപ്പെടണം. ഗുണമേന്മയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തതമൂലം വിദ്യാർത്ഥികൾ മറ്റ് സംസ്ഥാനങ്ങളിലേക്കും വിദേശരാജ്യങ്ങളിലേക്കും പോകുന്നത് ഒഴിവാക്കാനായി ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമഗ്ര മാറ്റം കൊണ്ടുവരണം. റോഡ് ഗതാഗതം സുഗമമാക്കാൻ എൻഫോഴ്സ്മെന്റ് കർശനമാക്കണം. വാഹനങ്ങൾ മോഡിഫൈ ചെയ്യുന്നതിനും മലിനീകരണ സാധ്യത കൂടുതലുള്ള വ്യവസായങ്ങൾ നിയന്ത്രിക്കുന്നതിനുമാവശ്യമായ നിയമനിർമ്മാണം നടത്തണം.

ശ്രീ. പി. എം. എ. സമീർ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. പുതിയ നികുതി നിർദേശങ്ങളില്ലാതെ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനുള്ള സമീപനമാണ് ധനകാര്യ ബിൽ മുന്നോട്ടുവയ്ക്കുന്നത്. സാമ്പത്തിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും തനത് വരുമാനം വർധിപ്പിക്കുന്നതിനുമുള്ള പദ്ധതികളാണ് ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും പ്രത്യേക പരിഗണന നൽകിയത് ശ്ലാഘനീയമാണ്. മമ്പുറം പാക്കേജിലൂടെ വിവിധ നിയോജകമണ്ഡലങ്ങളുൾപ്പെടുന്ന കോറിഡോർ പദ്ധതിയും തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയും യാഥാർത്ഥ്യമാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്.

ശ്രീ. വർഗ്ഗീസ് മാമ്മൻ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിയിൽനിന്നും സംസ്ഥാനത്തിന്റെ ഉയർത്തെഴുന്നേൽപ്പിന് പ്രതീക്ഷ നൽകുന്ന ബജറ്റാണ് അവതരിപ്പിച്ചത്. ജനങ്ങൾക്കുമേൽ അധിക നികുതി ഭാരം അടിച്ചേൽപ്പിക്കാതെ ക്ഷേമ-വികസന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയതും വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ ഗുണപരമായ മാറ്റങ്ങൾ ലക്ഷ്യമിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചതും

വിദ്യാർഥികളുടെ വിദേശ കുടിയേറ്റം ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചതും കെ.എസ്.ആർ.ടി.സി.-യിൽ സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിച്ചതും ഓപ്പറേഷൻ ശുഭാൻ പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതും അഭിനന്ദനാർഹമാണ്. പി.ഡബ്ല്യു.ഡി. കരാറുകാർക്ക് വില വ്യതിയാന ആനുകൂല്യം നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്. വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം. വന്യജീവി ആക്രമണങ്ങൾ തടയുന്നതിനായി വനം-വന്യജീവി നിയമത്തിൽ കാലോചിതമായ മാറ്റം കൊണ്ടുവരണം. കുട്ടനാട്ടിലെ കർഷകരുടെ സംരക്ഷണം ഉറപ്പാക്കണം. കാർഷിക മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. തിരുവല്ല നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ പൂർത്തീകരിക്കാനാവശ്യമായ തുക അനുവദിക്കണം.

ശ്രീ. വി. മുരളീധരൻ: ധനകാര്യ ബില്ലിനെ എതിർക്കുന്നു. എക്സിക്യൂട്ടീവിന് അമിതാധികാരം നൽകുന്ന പ്രവണത പ്രതിഷേധാർഹമാണ്. ഭരണഘടനാ തത്വങ്ങൾ ലംഘിച്ചുകൊണ്ട് ജനങ്ങൾക്കുമേൽ നികുതി അടിച്ചേൽപ്പിക്കുന്ന സമീപനം ഖേദകരമാണ്.

ശ്രീ. വിഷ്ണു മോഹൻ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. നികുതി പിരിവ് കാര്യക്ഷമമാക്കാത്തതും പ്രതീക്ഷിത വരുമാനം പിരിച്ചെടുക്കാത്തതും ഉയർന്ന പലിശയ്ക്ക് കടമെടുത്തതും ഫിനാൻഷ്യൽ ഇന്റലിജൻസ് സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തതും വകുപ്പുകളുടെ ഏകോപനമില്ലായ്മയും മുൻ സർക്കാരിന്റെ വീഴ്ചയാണ്.

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തെ ഏഷ്യയിലെ പ്രധാന ഏവിയേഷൻ-ലോജിസ്റ്റിക്സ് ഹബ്ബായി വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾക്കും വയോജനക്ഷേമ വകുപ്പിനും ബജറ്റിൽ തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് പോയിന്റ് ഓഫ് കോൾ പദവി ലഭ്യമാക്കാനും അവിടത്തെ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്താനും നടപടി സ്വീകരിക്കണം. പരിയാരം മെഡിക്കൽ കോളേജിന്റെ ശോച്യാവസ്ഥ പരിഹരിക്കാനും തിരഞ്ഞെടുപ്പ് പ്രചാരണത്തിന് തളിപ്പറമ്പ് സഹകരണ ബാങ്കിന്റെ ഫണ്ട് ഉപയോഗിച്ചത് സംബന്ധിച്ച് അന്വേഷണം നടത്താനും പ്രവാസികൾക്ക് സംരംഭങ്ങൾ തുടങ്ങാനാവശ്യമായ സഹായം നൽകാനും നടപടി സ്വീകരിക്കണം.

ശ്രീ. സജീവ് ജോസഫ്: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ചെറുകിട നികുതി കുടിശ്ശിക ഒഴിവാക്കൽ സ്കീം, പ്രളയ സെസ്സ് കുടിശ്ശിക തീർപ്പാക്കൽ സ്കീം എന്നിവ

സ്വാഗതാർഹമാണ്. ജി.എസ്.ടി. സംബന്ധിച്ച പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനും ഡിസ്കൗണ്ട്, ക്രെഡിറ്റ് നോട്ട് തുടങ്ങിയ വിഷയങ്ങളിൽ വ്യക്തത വരുത്താനും നികുതി നിയമം കൂടുതൽ ലളിതമാക്കാനും ധനകാര്യ ബില്ലിലെ ഭേദഗതികൾ സഹായകമാണ്. വില കുറഞ്ഞ ഇലക്ട്രിക് വാഹനങ്ങൾക്ക് കുറഞ്ഞ നികുതിയും ആഡംബര ഇലക്ട്രിക് വാഹനങ്ങൾക്ക് വർധിച്ച നികുതിയും ഏർപ്പെടുത്തിയത് ശ്ലാഘനീയമാണ്. കേരള മുദ്രപത്ര നിയമത്തിൽ ഭേദഗതി വരുത്തിയതും ഓപ്പറേഷൻ തൂഫാൻ പദ്ധതി നടപ്പാക്കിയതും മലയോര മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാനും മത്സ്യത്തൊഴിലാളികൾ, പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ തുടങ്ങിയവരുടെ ക്ഷേമത്തിന് പദ്ധതികൾ പ്രഖ്യാപിച്ചതും അഭിനന്ദനാർഹമാണ്. മലയോര വികസന അതോറിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കണം. വായ്പാ തിരിച്ചടവ് മുടങ്ങുമ്പോൾ ബാങ്കുകളിൽനിന്നുള്ള ജപ്തി നടപടികൾ അടിയന്തരമായി നിർത്തിവയ്ക്കാനും കർഷക കടാശ്വാസ പദ്ധതി പ്രകാരമുള്ള ആനുകൂല്യം എല്ലാ ജില്ലകളിലെയും കർഷകർക്ക് ലഭ്യമാക്കാനും 2021 വരെയുള്ള വായ്പകൾക്ക് കടാശ്വാസം അനുവദിക്കാനും നടപടി സ്വീകരിക്കണം. വന്യമൃഗശല്യത്തിനെതിരായ പ്രതിരോധ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും പുതിയ ഡി.എഫ്.ഒ./റെയ്ഞ്ച് ഓഫീസുകൾ, ഫോറസ്റ്റ് സ്റ്റേഷനുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്യണം. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവന-വേതന വ്യവസ്ഥ പരിഷ്കരിക്കാനും പഞ്ചായത്തടിസ്ഥാനത്തിൽ ബഡ്സ് സ്കൂളുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം. മലയോര മേഖലയിൽ ടൂറിസം വികസനത്തിന് മുന്തിയ പരിഗണന നൽകുകയും കണ്ണൂരിലെ പൈതൽമല, പാലക്കയംതട്ട് ഹിൽ സ്റ്റേഷനുകളെ സംയോജിപ്പിച്ച് ടൂറിസം സർക്യൂട്ട് യാഥാർഥ്യമാക്കുകയും ചെയ്യണം.

ശ്രീ. രമേശ് പിഷാരടി: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിയോജകമണ്ഡലങ്ങളിലെ ജനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് എം.എൽ.എ.-മാരുടെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം വർധിപ്പിക്കണം.

ശ്രീമതി രമ്യ ഹരിദാസ്: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കിഫ്ബിയെ ഓഡിറ്റിന് വിധേയമാക്കണം. കെ.എസ്.ആർ.ടി.സി. ബസ്സിൽ സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിച്ചത് അഭിനന്ദനാർഹമാണ്.

ശ്രീ. സി. കെ. കാസിം: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. സാമ്പത്തിക വെല്ലുവിളികൾക്കിടയിലും സാമൂഹ്യനീതി ഉറപ്പുവരുത്തിക്കൊണ്ട് വികസനം

സാധ്യമാക്കാനുതകുന്ന ധനകാര്യ ബില്ലാണിത്. ടൂറിസം കോറിഡോറിൽ കാർഷികമേഖലയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കണം. ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമെന്നും സ്വകാര്യ മേഖലയിൽ ഖനനം അനുവദിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപാധിരഹിത പ്ലാൻ ഫണ്ട് അനുവദിക്കാനും ഗ്രാമസഭയുടെ തീരുമാനപ്രകാരമുള്ള തദ്ദേശീയ പദ്ധതികൾക്ക് അംഗീകാരം നൽകാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. പി. നൗഷാദ് അലി: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ശാസ്ത്ര സാങ്കേതിക രംഗത്ത് കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുമെന്നും പുനരുപയോഗ ഊർജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ ഗ്രീൻ ഹൈഡ്രജൻ ഹബ്ബാക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. യുവാക്കളുടെ കർമ്മശേഷി സംസ്ഥാനത്തിനുതന്നെ പ്രയോജനപ്പെടുത്തുന്നതിനായി വിദ്യാഭ്യാസത്തിനും തൊഴിലിനും പ്രാധാന്യം നൽകുന്ന പദ്ധതികളും ജെൻ-Z ആൻഡ് ന്യൂ ജെൻ ടെക്നോളജിയും ഭാവിയിലേയ്ക്കുള്ള കരുതലിനെ സൂചിപ്പിക്കുന്നതാണ്. പ്രാദേശിക സർക്കാരുകൾക്ക് തുക വകയിരുത്തിയത് അധികാരവികേന്ദ്രീകരണത്തോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. ഇൻവെസ്റ്റ് കേരളം സെൽ, ഏവിയേഷൻ ഹബ്ബ്, മിഷൻ സമുദ്ര, ബ്രാൻഡ് കേരളം എന്നിവ സംസ്ഥാനത്തിന് പ്രതീക്ഷ നൽകുന്ന പദ്ധതികളാണ്. സൗജന്യ ചികിത്സാ പദ്ധതികൾ പുനരാരംഭിക്കാനും പരിസ്ഥിതി സംരക്ഷണത്തിനും പ്രവാസികളുടെയും വയോജനങ്ങളുടെയും ക്ഷേമത്തിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചത് അഭിനന്ദനാർഹമാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സംസ്ഥാനം രൂക്ഷമായ ധനപ്രതിസന്ധി നേരിടുമ്പോഴും ജനങ്ങളുടെമേൽ അധിക നികുതി ഭാരം അടിച്ചേൽപ്പിക്കാതെ അവതരിപ്പിച്ച ബജറ്റാണിത്. നികുതി പിരിവ് കാര്യക്ഷമമാക്കിയും ഫിനാൻഷ്യൽ മാനേജ്മെന്റ് ശക്തിപ്പെടുത്തിയും സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിച്ചും ധനസ്ഥിതി മെച്ചപ്പെടുത്താനും വികസന-ക്ഷേമ പദ്ധതികൾ നടപ്പാക്കാനും സാധിക്കുമെന്ന ആത്മവിശ്വാസം സർക്കാരിനുണ്ട്. വീര്യം കുറഞ്ഞ മദ്യത്തിന്റെ വിപണനം അനുവദിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലയളവിൽ വിദേശ മദ്യ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ടാണ് വീര്യം കുറഞ്ഞ മദ്യത്തിന് നികുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയത്. വില കുറഞ്ഞ ഇലക്ട്രിക്

വാഹനങ്ങളുടെ നികുതി കുറയ്ക്കുകയും ആഡംബര ഇലക്ട്രിക് വാഹനങ്ങളുടെ നികുതി വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയുടെ ഫെയർവാല്യൂ സംബന്ധിച്ച വിഷയങ്ങൾ റവന്യൂ വകുപ്പുമായി ചർച്ച ചെയ്യുകയും പരാതികൾ പരിഹരിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. സ്വകാര്യ ബസ് മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി 50% നികുതിയിളവ് പ്രഖ്യാപിച്ചിട്ടുണ്ട്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു.

2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടും മൂന്നും വകുപ്പുകൾ</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

85. In sub-clause (2) of clause 4 of the Bill:-

(i) the opening part shall be substituted as follows, namely:-

(i) " (2) in Annexure I,-

(i) for serial numbers 7B to 7F and the entries against it in column (2) and (3), the following serial numbers and entries shall respectively be substituted, namely:-" ,

(ii) in items 7B, 7C, 7D, 7E after the words " electric motor cabs" the symbol and the words " ,electric tourist motor cabs" shall be inserted;

(iii) the symbol " ." at the end of item 7E shall be changed to " ;"

(iv) after the item so numbered the following item shall be added namely:-

" (ii) the item 12B and the entries against it shall be omitted."

മുഖ്യമന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചും ആറും വകുപ്പുകൾ</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

അഞ്ചും ആറും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചും ആറും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

(ഭേദഗതിയില്ല)

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടും ഒൻപതും വകുപ്പുകൾ</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

എട്ടും ഒൻപതും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടും ഒൻപതും  വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

(ഭേദഗതിയില്ല)

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനൊന്നും പന്ത്രണ്ടും പതിമൂന്നും വകുപ്പുകൾ</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

പതിനൊന്നും പന്ത്രണ്ടും പതിമൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നും പന്ത്രണ്ടും പതിമൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>പതിനാലും പതിനഞ്ചും പതിനാറും വകുപ്പുകൾ</u>

(ഭേദഗതിയില്ല)

പതിനാലും പതിനഞ്ചും പതിനാറും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലും പതിനഞ്ചും പതിനാറും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പതിനേഴാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനെട്ടും പത്തൊൻപതും വകുപ്പുകൾ

(ഭേദഗതിയില്ല)

പതിനെട്ടും പത്തൊൻപതും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടും പത്തൊൻപതും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

ഇരുപതാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയൊന്നും ഇരുപത്തി രണ്ടും വകുപ്പുകൾ

(ഭേദഗതിയില്ല)

ഇരുപത്തിയൊന്നും ഇരുപത്തിരണ്ടും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നും ഇരുപത്തിരണ്ടും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതി അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) 2026-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. അബിൻ വർക്കി കോടിയാട്ട്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പ്രിയദർശിനി സ്ത്രീ സൗജന്യയാത്രാ പദ്ധതി നടപ്പാക്കിയതും വയോജന ക്ഷേമ വകുപ്പ് രൂപീകരിച്ചതും അങ്കണവാടി വർക്കർമാരുടെ ഓണറേറിയത്തിൽ 1000 രൂപയുടെയും ആശാവർക്കർമാരുടെ ഓണറേറിയത്തിൽ 3000 രൂപയുടെയും വർധന വരുത്തിയതും അഭിനന്ദനാർഹണ്. സിദ്ധാർഥ് ആന്റി റാഗിങ് ആൻഡ് സ്റ്റുഡന്റ് വെൽഫെയർ ആക്ട്, മിഷൻ സമുദ്ര, ഓപ്പറേഷൻ തൂഫാൻ, ഏവിയേഷൻ ഹബ്ബ്, ഇൻവെസ്റ്റ് കേരളം, ലാൻഡ് റീഫോംസ്, ഇക്കണോമിക് കോറിഡോർ, നോളജ് സിറ്റി, ഗ്ലോബൽ ജോബ് വാച്ച് ടവർ തുടങ്ങിയ പദ്ധതികൾ യാഥാർഥ്യമാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. മൈഗ്രേഷന്റെ ഭാഗമായ

റിവേഴ്സ് റമിറ്റൻസ് പ്രതിസന്ധി പരിഹരിക്കണം. ആറന്മുള ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഹെറിറ്റേജ് ടൂറിസം പ്രോത്സാഹിപ്പിക്കുകയും കൂടുതൽ ടൂറിസം പാക്കേജുകൾ അനുവദിക്കുകയും ചെയ്യണം. ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി മാതൃകയിൽ പത്തനംതിട്ട ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കാനും റൂറൽ ഡെവലപ്മെന്റ് പി.പി.പി. മോഡലിൽ നടപ്പാക്കാനും ടൂറിസം കേന്ദ്രങ്ങളിലേക്ക് പബ്ലിക് ട്രാൻസ്പോർട്ട് സൗകര്യങ്ങൾ ഏർപ്പെടുത്താനും സഹകരണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനും ചെറുകിട മേഖലയെ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

ശ്രീമതി ഫാത്തിമ തഹിലിയ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പേരാമ്പ്ര നിയോജകമണ്ഡലത്തിലുൾപ്പെടെ പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പഠിക്കാൻ കമ്മീഷനെ നിയമിക്കുമെന്നും മലയോര മേഖലയിലെ റബ്ബർ, തെങ്ങ്, അടയ്ക്ക കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ പ്രതീക്ഷ നൽകുന്നതാണ്. കോഴിക്കോട് എം. ടി. വാസുദേവൻ നായർ കൾച്ചറൽ പാർക്ക് സ്ഥാപിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ബജറ്റിൽ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് വേതന സഹായവും മൺപാത്ര തൊഴിലാളികൾക്ക് പ്രത്യേക ആനുകൂല്യവും പ്രഖ്യാപിച്ചത് ശ്ലാഘനീയമാണ്.

ചീഫ് വിപ്പ് (ശ്രീ. അപു ജോൺ ജോസഫ്): ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പ്രീപ്രൈമറി വിദ്യാഭ്യാസമേഖലയെ ഉടച്ചുവാർക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. ബി. ബി. ഗോപകുമാർ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. രാജ്യസുരക്ഷയ്ക്കുവേണ്ടി കേന്ദ്ര സർക്കാർ പാസ്സാക്കിയ വിദേശ സംഭാവന (നിയന്ത്രണ) നിയമ ഭേദഗതിക്കെതിരെ പ്രമേയം പാസ്സാക്കിയത് ഖേദകരമാണ്.

ശ്രീ. എം. ആർ. ബൈജു: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ് നിർമ്മാണം പൂർത്തീകരിക്കണം. വിളപ്പിൽശാല യു.പി. സ്കൂൾ ഹൈസ്കൂളായും ഊരൂട്ടമ്പലം യു.പി. സ്കൂൾ ഹയർ സെക്കൻഡറി സ്കൂളായും അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ് നിർമ്മാണത്തിനായി ഭൂമി വിട്ടുനൽകിയ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്.

ശ്രീ. കെ. പ്രവീൺ കുമാർ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സമസ്തമേഖലയിലും വിസ്മയകരമായ വികസനപ്രവർത്തനങ്ങളുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. കൊയിലാണ്ടി തിക്കോടിയിലെ കോടിക്കൽ തീരത്ത് ഫിഷിങ് ഹാർബർ അനുവദിച്ചത് അഭിനന്ദനാർഹമാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ജനങ്ങളുടെ നികുതിപ്പണം സൂക്ഷ്മതയോടെയും കൃത്യതയോടെയും ചെലവഴിക്കുന്നതും പദ്ധതികൾ ഉത്തരവാദിത്വത്തോടെ നടപ്പാക്കുന്നതുമാണ്. 01-07-2026 മുതൽ 100 ദിവസങ്ങൾക്കകം എല്ലാ വകുപ്പുകളുടെയും സഹകരണത്തോടെ 541 പദ്ധതികൾ പൂർത്തീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച് വകുപ്പുതലത്തിൽ യോഗം ചേരുന്നതും ഡാഷ് ബോർഡ് രൂപീകരിച്ച് 20 ദിവസം കൂടുമ്പോൾ റിവ്യൂ മീറ്റിങ് നടത്തി പുരോഗതി വിലയിരുത്തുന്നതുമാണ്. ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കും. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടും മൂന്നും നാലും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

രണ്ടും മൂന്നും നാലും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും നാലും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## XI ഉപക്ഷേപം

സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ്' എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പുകൾ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം, 2026-2027 വർഷത്തെ പുതുക്കിയ ബജറ്റ് അവതരണം, ബഹു. മുഖ്യമന്ത്രി മേശപ്പുറത്തുവച്ച സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധവളപത്രം, കേരള നിയമസഭയുടെ അഭിപ്രായം ആരായുന്നതിനായി ആദരണീയനായ ഇന്ത്യൻ രാഷ്ട്രപതി റഫർ ചെയ്ത The Kerala (Alteration of Name) Bill, 2026 എന്നിവ ഉൾപ്പെടെ പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും പതിനാറാം കേരള നിയമസഭയിലെ അംഗങ്ങൾക്കായി തുടർ പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചതായി അറിയിക്കുകയും ചെയ്തു.

ദേശീയഗാനാലാപനത്തോടെ സഭ വൈകുന്നേരം 4.21-ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.

* * * * * * *